**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5739** **08-07-2024 - ൽ മറുപടിയ്ക്ക്**

**കോവിഡ് പ്രതിരോധ വാക്സിന്റെ പാർശ്വഫലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് പ്രതിരോധ വാക്സിൻ സ്വീകരിച്ച വ്യക്തികളിൽ പാർശ്വഫലങ്ങൾ ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; എങ്കിൽ എന്തൊക്കെ പാർശ്വഫലങ്ങളാണ് കണ്ടുവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | അഡ്വേഴ്സ് ഇവന്റ് ഫോളോയിംഗ് ഇമ്മ്യൂണൈസേഷൻ (എ.ഇ.എഫ്.ഐ) സർവൈലൻസ് മുഖേന ചില കേസുകൾ റിപ്പോർട്ട് ചെയ്യുകയും അത് കേന്ദ്ര സർക്കാരിലേയ്ക്ക് അറിയിക്കുകയും ചെയ്തിരുന്നു. കേന്ദ്ര എ.ഇ.എഫ്.ഐ കമ്മിറ്റി ഇത് സംബന്ധിച്ച മറുപടി ഒന്നും തന്നെ നാളിതുവരെ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | കോവിഡ് വാക്സിൻ സ്വീകരിക്കുമ്പോൾ ആർക്കെങ്കിലും അലർജി, അനാഫലക്സിസ് പോലുള്ള ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുകയാണെങ്കിൽ അത് പരിഹരിക്കാനായി വാക്സിൻ സ്വീകരിച്ചതിനുശേഷം എല്ലാവരെയും 30 മിനിറ്റ് വാക്സിനേഷൻ സെന്ററിൽ നിരീക്ഷിച്ച് ആരോഗ്യ പ്രശ്നങ്ങൾ ഒന്നും ഇല്ല എന്ന് ഉറപ്പുവരുത്തിയിരുന്നു. അതിനുശേഷവും എന്തെങ്കിലും ആരോഗ്യപ്രശ്നങ്ങൾ അനുഭവപ്പെട്ടാൽ ഉടൻതന്നെ തൊട്ടടുത്തുള്ള ആരോഗ്യ പ്രവർത്തകരെ അറിയിക്കാൻ നിർദ്ദേശവും ബോധവൽക്കരണവും നൽകിയിരുന്നു. കൂടാതെ എല്ലാ കോവിഡ് വാക്സിനേഷൻ സെന്ററുകളിലും ഒരു ഡോക്ടറുടെ സേവനവും അനാഫലക്സിസ് കിറ്റും ഉറപ്പ് വരുത്തിയിരുന്നു. |
| (സി) | പ്രസ്തുത വിഷയത്തിൽ ജനങ്ങൾക്കുണ്ടാകുന്ന ആശങ്ക പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | കോവിഡ് വാക്സിൻ സ്വീകരിക്കുമ്പോൾ ആർക്കെങ്കിലും അലർജി, അനാഫലക്സിസ് പോലുള്ള ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുകയാണെങ്കിൽ അത് പരിഹരിക്കാനായി വാക്സിൻ സ്വീകരിച്ചതിനുശേഷം എല്ലാവരെയും 30 മിനിറ്റ് വാക്സിനേഷൻ സെന്ററിൽ നിരീക്ഷിച്ച് ആരോഗ്യ പ്രശ്നങ്ങൾ ഒന്നും ഇല്ല എന്ന് ഉറപ്പുവരുത്തിയിരുന്നു. അതിനുശേഷവും എന്തെങ്കിലും ആരോഗ്യ പ്രശ്നങ്ങൾ അനുഭവപ്പെട്ടാൽ ഉടൻതന്നെ തൊട്ടടുത്തുള്ള ആരോഗ്യ പ്രവർത്തകരെ അറിയിക്കാൻ നിർദ്ദേശവും ബോധവൽക്കരണവും നൽകിയിരുന്നു. കൂടാതെ എല്ലാ കോവിഡ് |

| | | | |
|---|---|---|---|
| | | | വാക്സിനേഷൻ സെന്ററുകളിലും ഒരു ഡോക്ടറുടെ സേവനവും അനാഫലക്സിസ് കിറ്റും ഉറപ്പു വരുത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ